**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5047** **20-03-2025 - ൽ മറുപടിയ്ക്ക്**

**എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. എം.വിജിൻ,<br>ശ്രീ. കെ. പ്രേംകുമാർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് സേവനങ്ങൾ ലഭ്യമാവുന്ന മേഖലകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | പത്തോ അതിൽ കൂടുതലോ ആളുകൾ ജോലിചെയ്യുന്ന ഫാക്ടറികൾ, കച്ചവട സ്ഥാപനങ്ങൾ, ഹോട്ടൽ, റസ്റ്റോറന്റ്, സിനിമാതിയേറ്ററുകൾ, മോട്ടോർട്രാൻസ്പോർട്ട് സ്ഥാപനങ്ങൾ, പത്രമാധ്യമസ്ഥാപനങ്ങൾ, സ്വകാര്യ ആശുപത്രികൾ, അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിലെ പ്രതിമാസം 21,000/- രൂപ വരെ വേതനം കൈപ്പറ്റുന്ന ജീവനക്കാർക്ക് ഇ.എസ്.ഐ. പദ്ധതിയുടെ സംരക്ഷണം ലഭിക്കുന്നതാണ്. 01.02.2017 മുതൽ സംസ്ഥാനത്തെ 14 ജില്ലകളിലും ഇ.എസ്.ഐ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് |
| (ബി) | കേരളത്തിലെ ഇ.എസ്.ഐ. ഡിസ്പെൻസറികളുടെയും ഇ.എസ്.ഐ. ആശുപത്രികളുടെയും ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | കേരളത്തിൽ സംസ്ഥാന സർക്കാരിന് കീഴിൽ 147 ഇ.എസ്.ഐ. ഡിസ്പെൻസറികളും 9 ഇ.എസ്.ഐ. ആശുപത്രികളും നിലവിലുണ്ട്. കൂടാതെ ഇ.എസ്.ഐ കോർപ്പറേഷന് കീഴിൽ 3 ഇ.എസ്.ഐ. ആശുപത്രികളും നിലവിലുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത മേഖലയിലെ സേവന വ്യാപ്തിയും കാര്യക്ഷമതയും ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (സി) | ജനറൽ മെഡിസിൻ, ജനറൽ സർജറി, പീഡിയാട്രിക്സ്, ഗൈനക്കോളജി, ഓർത്തോപീഡിക്സ്, അനസ്തേഷ്യോളജി എന്നീ മേജർ സ്പെഷ്യാലിറ്റി ചികിത്സകൾ ഉൾപ്പെടെയുള്ള സ്പെഷ്യാലിറ്റി സേവനങ്ങൾ വകുപ്പിലെ ഇ.എസ്.ഐ ആശുപത്രികൾ മുഖേന ഇ.എസ്.ഐ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നുണ്ട്. കൂടാതെ യൂറോളജി, കാർഡിയോളജി, ഗ്യാസ്ട്രോ എൻട്രോളജി എന്നീ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിലൂടെ ഒ.പി ചികിത്സാ സേവനങ്ങളും വകുപ്പിലെ ആശുപത്രികളിലൂടെ നൽകുന്നു. പേരൂർക്കട, ആലപ്പുഴ, എറണാകുളം |

| | | | |
|---|---|---|---|
| | | | ആശുപത്രികളിൽ താക്കോൽദ്വാര ശസ്ത്രക്രിയകൾ നിലവിൽ ചെയ്തു വരുന്നു.<br><br>ക്യാൻസർ ചികിത്സയ്ക്കായി കീമോതെറാപ്പി യൂണിറ്റ്, ഡയാലിസിസ് യൂണിറ്റ്, പോസ്റ്റ് ഓപ്പറേറ്റീവ് ഐ.സി യൂണിറ്റ് എന്നിവയും, കിടപ്പുരോഗികൾക്കായി വീട്ടിൽ ചെന്ന് സേവനങ്ങൾ നൽകുന്നതിനായി മൊബൈൽ പാലിയേറ്റീവ് കെയർ യൂണിറ്റും പ്രവർത്തിച്ചുവരുന്നു. ജീവിതശൈലി രോഗങ്ങൾ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനുമായി എൻ.സി.ഡി ക്ലിനിക്കുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. വകുപ്പിൽ ലഭ്യമല്ലാത്ത സ്പെഷ്യാലിറ്റി ചികിത്സകൾ എംപാനൽ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രി/ ഡയഗ്നോസ്റ്റിക് സെന്ററുകളിലൂടെയും ഇ.എസ്.ഐ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നുണ്ട്.<br><br>മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഉൾപ്പെടെയുള്ള ചികിത്സാ ആനുകൂല്യങ്ങൾ, പ്രസവ ആനുകൂല്യങ്ങൾ, അവശതാ ആനുകൂല്യങ്ങൾ, ശവസംസ്ക്കാര ചെലവുകൾ എന്നിവയും ഇ.എസ്.ഐ കോർപ്പറേഷന്റെ സഹായത്തോടെ ഇ.എസ്.ഐ ഗുണഭോക്താക്കൾക്ക് നൽകുന്നു. ഇ.എസ്.ഐ പദ്ധതിയിൽ അംഗമായിരിക്കെ വിരമിക്കുന്ന പരിരക്ഷിത<br><br>വ്യക്തികൾക്ക് വകുപ്പിലെ ഡിസ്പെൻസറി / ആശുപത്രി മുഖേന കുറഞ്ഞ ചെലവിൽ ചികിത്സാ സേവനം ലഭ്യമാക്കുന്നു. ഇവയ്ക്ക് പുറമേ ഇ.എസ്.ഐ പദ്ധതിയിൽ അംഗങ്ങളായിരിക്കുന്ന പരിരക്ഷിത വ്യക്തികളുടെ മക്കൾക്ക് എം.ബി.ബി.എസ് അഡ്മിഷനായി ഇ.എസ്.ഐ മെഡിക്കൽ കോളേജുകളിലും പാരിപ്പള്ളി മെഡിക്കൽ കോളേജിലും സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. |
| (ഡി) | ഓൺലൈൻ സേവനങ്ങൾ, മെഡിക്കൽ ഉപകരണങ്ങൾ, ലാബ് സൗകര്യങ്ങൾ എന്നിവയുടെ വിപുലീകരണ മേഖലയിലുള്ള പുരോഗതി വിശദമാക്കാമോ? | (ഡി) | ഇ.എസ്.ഐ കോർപ്പറേഷന്റെ Ask An Appointment സ്കീം വഴി ഇ.എസ്.ഐ ആശുപത്രികളിൽ ഓൺലൈനായി ഒ.പി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്. ഇ.എസ്.ഐ കോർപ്പറേഷന്റെ പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാനും സംസ്ഥാന സർക്കാരിന്റെ വാർഷിക പദ്ധതി മുഖേനയും ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ ഇ.എസ്.ഐ ആശുപത്രികളിൽ ലഭ്യമാക്കുന്നുണ്ട്. ഇ.എസ്.ഐ ആശുപത്രികൾക്ക് പുറമേ പത്തോളം ഇ.എസ്.ഐ ഡിസ്പെൻസറികളിലും നിലവിൽ ലാബ് സൗകര്യങ്ങൾ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഇ.എസ്.ഐ ഡിസ്പെൻസറികൾ**

| ക്രമ നം. | ഇ.എസ്.ഐ ഡിസ്പെൻസറിയുടെ പേര് |
|---|---|
| **തിരുവനന്തപുരം** | |
| 1 | ആറ്റിങ്ങൽ |
| 2 | ബാലരാമപുരം |
| 3 | ചാക്ക |
| 4 | കരമന |
| 5 | കഴക്കൂട്ടം |
| 6 | കിളിമാനൂർ |
| 7 | കോവളം |
| 8 | മടവൂർ |
| 9 | നാവായിക്കുളം |
| 10 | നെടുമങ്ങാട് |
| 11 | നെയ്യാറ്റിൻകര |
| 12 | പേരൂർക്കട |
| **കൊല്ലം** | |
| 1 | അഞ്ചൽ |
| 2 | ആശ്രാമം |
| 3 | ചാത്തന്നൂർ |
| 4 | ചവറ |
| 5 | കടയ്ക്കൽ |
| 6 | കല്ലുവാതുക്കൽ |
| 7 | കേരളപുരം |
| 8 | കിളികൊല്ലൂർ |
| 9 | കൊട്ടാരക്കര |
| 10 | കൊട്ടിയം |
| 11 | കുലശേഖരപുരം |
| 12 | മുളവന |
| 13 | മൈലം |

| | |
|---|---|
| 14 | മൈനാഗപ്പള്ളി |
| 15 | നെടുമ്പന |
| 16 | പാരിപ്പള്ളി |
| 17 | പട്ടത്താനം |
| 18 | പെരിനാട് |
| 19 | പട്ടാഴി |
| 20 | പോരുവഴി |
| 21 | പൂയപ്പള്ളി |
| 22 | പുനലൂർ |
| 23 | പുത്തൂർ |
| 24 | രാമൻകുളങ്ങര |
| 25 | സദാനന്ദപുരം |
| 26 | ശൂരനാട് |
| 27 | തൊടിയൂർ |
| 28 | തൃക്കോവിൽവട്ടം |
| 29 | തൃപ്പലഴികം |
| 30 | വിളക്കുടി |
| **പത്തനംതിട്ട** | |
| 1 | ഏനാത്ത് |
| 2 | കടമ്പനാട് |
| 3 | പത്തനംതിട്ട |
| 4 | തിരുവല്ല |
| **കോട്ടയം** | |
| 1 | ചങ്ങനാശ്ശേരി |
| 2 | ഏറ്റുമാന്നൂർ |
| 3 | കാഞ്ഞിരപ്പള്ളി |
| 4 | കോട്ടയം |
| 5 | പാലാ |
| 6 | സചിവോത്തമപുരം |
| 7 | വടവാതൂർ |
| 8 | വൈക്കം |
| 9 | വെള്ളൂർ |

| | |
|---|---|
| **ആലപ്പുഴ** | |
| 1 | അരൂർ |
| 2 | ബീച്ച് വാർഡ് ആലപ്പുഴ |
| 3 | ചെങ്ങന്നൂർ |
| 4 | ചേർത്തല |
| 5 | എഴുപുന്ന |
| 6 | ഫാക്ടറി വാർഡ് ആലപ്പുഴ |
| 7 | കരിമുളക്കൽ |
| 8 | കായംകുളം |
| 9 | മാന്നാർ |
| 10 | മാവേലിക്കര |
| 11 | മുഹമ്മ |
| 12 | പാലമേൽ |
| 13 | പാതിരാപ്പള്ളി |
| 14 | പത്തിയൂർ |
| **എറണാകുളം** | |
| 1 | ആലുവ |
| 2 | അങ്കമാലി |
| 3 | അത്താണി |
| 4 | ബിനാനിപുരം |
| 5 | ഇടപ്പള്ളി |
| 6 | എറണാകുളം- നം.1 |
| 7 | എറണാകുളം- നം. 2 |
| 8 | ഫോർട്ട് കൊച്ചി |
| 9 | കാക്കനാട് |
| 10 | കളമശ്ശേരി |
| 11 | കരിമുഗൾ |
| 12 | കൂനമ്മാവ് |
| 13 | മൂവാറ്റുപുഴ |
| 14 | ഞാറയ്ക്കൽ |
| 15 | നോർത്ത് പറവൂർ |
| 16 | നോർത്ത് വാഴക്കുളം |

| | |
|---|---|
| 17 | പെരുമ്പാവൂർ |
| 18 | തോപ്പുംപടി |
| 19 | തൃപ്പൂണ്ണിത്തുറ |
| 20 | ഉദ്യോഗമണ്ഡൽ |
| **തൃശ്ശൂർ** | |
| 1 | അളഗപ്പനഗർ |
| 2 | ആളൂർ |
| 3 | ചാലക്കുടി |
| 4 | ചാവക്കാട് |
| 5 | ഇരിഞ്ഞാലക്കുട |
| 6 | കരുവന്നൂർ |
| 7 | കൊരട്ടി |
| 8 | കുന്നംകുളം |
| 9 | കുട്ടനെല്ലൂർ |
| 10 | മാള |
| 11 | മുളങ്കുന്നത്തുകാവ് |
| 12 | ഒളരിക്കര |
| 13 | ഒല്ലൂർ |
| 14 | പൂങ്കുന്നം |
| 15 | വടക്കാഞ്ചേരി |
| **ഇടുക്കി** | |
| 1 | തൊടുപുഴ |
| 2 | കട്ടപ്പന |
| 3 | കണ്ണൻദേവൻ ഹിൽസ് |
| **മലപ്പുറം** | |
| 1 | കോട്ടയ്ക്കൽ |
| 2 | കുറ്റിപ്പുറം |
| 3 | മലപ്പുറം |
| 4 | മഞ്ചേരി |
| 5 | നിലമ്പൂർ |
| 6 | പെരിന്തൽമണ്ണ |
| 7 | വാഴക്കാട് |

| | |
|---|---|
| **പാലക്കാട്** | |
| 1 | ചിറ്റൂർ |
| 2 | കഞ്ചിക്കോട് |
| 3 | ഒറ്റപ്പാലം |
| 4 | പാലക്കാട് |
| 5 | പറളി |
| 6 | ഷൊർണ്ണൂർ |
| 7 | വാളയാർ |
| 8 | ആലത്തൂർ |
| **വയനാട്** | |
| 1 | കൽപ്പറ്റ |
| **കോഴിക്കോട്** | |
| 1 | ചെറുവണ്ണൂർ-II |
| 2 | ചക്കോരത്തുകുളം |
| 3 | ചാലപ്പുറം |
| 4 | ചേമഞ്ചേരി |
| 5 | ചെറുവണ്ണൂർ-I |
| 6 | ചുങ്കം |
| 7 | എരഞ്ഞിപ്പാലം |
| 8 | കൈനാട്ടി |
| 9 | കുന്നത്തുപാലം |
| 10 | മാവൂർ |
| 11 | പുതിയറ |
| 12 | മുക്കം |
| **കണ്ണൂർ** | |
| 1 | അഴീക്കോട് |
| 2 | ചോനാടം |
| 3 | ധർമ്മടം |
| 4 | കണ്ണൂർ |
| 5 | കൂത്തുപറമ്പ് |
| 6 | മങ്ങാട്ടുപറമ്പ് |
| 7 | മേലേചൊവ്വ |

| | |
|---|---|
| 8 | പാപ്പിനിശ്ശേരി |
| 9 | പയ്യന്നൂർ |
| 10 | വളപട്ടണം |
| 11 | തളിപ്പറമ്പ് |
| **കാസർഗോഡ്** | |
| 1 | കാസർഗോഡ് |

**<u>സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഇ.എസ്.ഐ ആശുപത്രികൾ</u>**

| ക്രമ നം. | ജില്ല | ആശുപത്രി |
|---|---|---|
| 1 | തിരുവനന്തപുരം | പേരൂർക്കട |
| 2 | കോട്ടയം | വടവാതൂർ |
| 3 | ആലപ്പുഴ | ആലപ്പുഴ |
| 4 | എറണാകുളം | എറണാകുളം |
| 5 | തൃശ്ശൂർ | മുളങ്കുന്നത്തുകാവ്, |
| 6 | | ഒളരിക്കര |
| 7 | പാലക്കാട് | പാലക്കാട് |
| 8 | കോഴിക്കോട് | ഫറോക്ക് |
| 9 | കണ്ണൂർ | തോട്ടട |

**<u>ഇ.എസ്.ഐ കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള ഇ.എസ്.ഐ ആശുപത്രികൾ</u>**

| ക്രമ നം. | ജില്ല | ആശുപത്രി |
|---|---|---|
| 1 | കൊല്ലം | ആശ്രാമം |
| 2 | | എഴുകോൺ |
| 3 | എറണാകുളം | ഉദ്യോഗമണ്ഡൽ |

സെക്ഷൻ ഓഫീസർ